**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1253** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും യുവതലമുറയെ ക്ഷീരോല്പാദന മേഖലയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ക്ഷീര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും യുവതലമുറയെ ക്ഷീരോല്പാദ മേഖലയിലേക്ക് ആകർഷിക്കുന്നതിനും മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ് , 5പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.<br><br>ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോട് കൂടി പച്ചപ്പുൽ, വൈക്കോൽ,സൈലേജ്, ടി എം ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, |

| | | | |
|---|---|---|---|
| | | | ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.<br><br>കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു. |
| (ബി) | പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ആരംഭിക്കുന്ന ഡയറി പാർക്കുകൾ വഴി ക്ഷീര കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഡയറി പാർക്കിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുതിനായി നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡയറി പാർക്ക് പൂർണ്ണമായി സജ്ജമാകുന്ന മുറയ്ക്ക് പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പങ്ങൾ നിർമ്മിക്കുന്നതിന് ക്ഷീരകർഷകർക്ക് വരും കാലങ്ങളിൽ ഡയറി പാർക്ക് മുഖേന പരിശീലനം നൽകാവുന്നതാണ് |
| (സി) | ഉല്പാദനക്ഷമതയും മെച്ചപ്പെട്ട പ്രതിരോധ ശേഷിയുമുള്ള കന്നുകാലി സമ്പത്ത് സംസ്ഥാനത്ത് നിലനിർത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; | (സി) | ഉല്പാദനക്ഷമതയും മെച്ചപ്പെട്ട പ്രതിരോധ ശേഷിയുമുള്ള കന്നുകാലി സമ്പത്ത് സംസ്ഥാനത്ത് നിലനിർത്തുന്നതിന് മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>1. കന്നുകാലികൾക്കുള്ള മൃഗചികിത്സ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗാശുപത്രികൾ വഴി നടത്തിവരുന്നു.<br><br>2. കന്നുകാലികൾക്ക് ആവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ കുറഞ്ഞ പ്രീമിയം നിരക്കിൽ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇൻഷ്വറൻസ് പ്രീമിയം തുകയിൽ ജനറൽ വിഭാഗത്തിന് 50% വും, എസ്.സി/എസ്.ടി വിഭാഗത്തിന് 70% വും സർക്കാർ സബ്സിഡി നൽകിയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>3.കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ 4 മുതൽ 6 മാസം വരെ പ്രായമായ പശുകുട്ടികളെയും എരുമക്കുട്ടികളെയും തിരഞ്ഞെടുത്ത് ഇവയ്ക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും ധാതുലവണ മിശ്രിതവും നൽകുകയും ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു.<br><br>4. കൂടുതൽ പാലുൽപാദന ക്ഷമതയുള്ള പശുക്കളുടെ സംരക്ഷണത്തിനായി മൃഗാശുപത്രികൾ വഴി ധാതുലവണ മിശ്രിതവും സൗജന്യമായി വിതരണം നടത്തുന്നു. |

| | | | |
|---|---|---|---|
| | | | 5.കർഷകർക്ക് ആവശ്യാനുസരണം തങ്ങളുടെ ഉരുക്കളിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നതിന് കെ.എൽ.ഡി ബോർഡിന്റെ സഹകരണത്തോടെ ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ സൗജന്യമായി സംസ്ഥാനത്തെ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തുവരുന്നു.<br><br>6.ഉല്പാദന ക്ഷമത കൂടിയ പശുക്കളുടെ പ്രത്യുല്പാദന ക്ഷമത നിലനിറുത്തുന്നതിനായി സംസ്ഥാനത്തെ മൃഗാശുപത്രികൾ വഴി സൗജന്യമായി വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിച്ച് വരുന്നു.<br><br>ഭ്രൂണമാറ്റം, ഇൻവിട്രാഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉല്പ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപാദിപ്പിക്കുവാനും, കർഷകരുടെ ഇടങ്ങളിലുള്ള ഉൽപ്പാദനശേഷികൂടിയ പശുക്കളിൽ നിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികളും ആസൂത്രണം ചെയ്തു വരുന്നതോടൊപ്പം പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വിത്തുകാളകളെ ജനിതക തെരഞ്ഞെടുപ്പുകളിലൂടെ (ജീനോമിക് സെലക്ഷൻ) തെരഞ്ഞെടുത്ത് ഉപയോഗപ്പെടുത്തുവാനുളള നടപടികളും കെ.എൽ.ഡി.ബി സ്വീകരിച്ചുവരുന്നു. |
| (ഡി) | നിരന്തരമായുണ്ടാകുന്ന കാലിത്തീറ്റയുടെ വില വർദ്ധനവ് മൂലം ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ഉണ്ട്. കേരളത്തിൽ പാലുല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുളള പാലുല്പാദനം വളരെ ചിലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും.പാരമ്പേര്യതര തീറ്റകൾ കാലിത്തീറ്റയാക്കി നൽകുന്നതിനും വകുപ്പ് പ്രോത്സാഹനം നൽകുന്നു.<br><br>ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3/- രൂപ നിരക്കിലും വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4/- രൂപ നിരക്കിലും ഒരു ഉണഭോക്താവിന് പരമാവധി 7000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. |

| | | | |
|---|---|---|---|
| | | | അസംസ്കൃത വസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവ് മൂലം ഉത്പാദന ചെലവ് കൂടിയ സാഹചര്യത്തിലും പരമാവധി നഷ്ടം സഹിച്ച് കാലിത്തീറ്റയുടെ വില കമ്പനി വർദ്ധിപ്പിച്ചിരുന്നില്ല. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ കേരള ഫീഡ്സിന്റെ വില പ്രമുഖ സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്.<br><br>പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുവാനും, പാലിന് കൂടുതൽ വില കിട്ടുവാനും തീറ്റയുടെ വില കുറയ്ക്കുവാനും ലക്ഷ്യം വച്ചു കൊണ്ട് ആന്ധ്രപ്രദേശ്, കർണ്ണാടക, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ നിന്നും സൈലേജ് ഇറക്കുമതി ചെയ്യാൻ കേരള ഫീഡ്സ് പദ്ധതി ഇടുന്നു. |

സെക്ഷൻ ഓഫീസർ